# വിദ്യാലയ ഭാരവാഹികൾ

2025-26

അധ്യാപകർ ...... SMC / PTA

| | |
|---|---|
| HEADMASTER | SARAMMA MATHEW |
| TEACHERS | BINCY V. SUNNY |
| | RACHEL JOHNSON |
| P.T.A PRESIDENT | ANISH THANKACHAN. |
| MEMBERS | SALESH, GIRISH, LIBIN |
| | BIJU, GOPESH |
| P.T.A. SEC:- | BINCY V. SUNNY. |
| M.P.T.A PRE. | SREERANJINI |
| MEMBERS : | SREEJA, SANDHYA RESHMA |
| ADVISORY BOARD : | SUNITHA ABRAHAM |
| | Rev. PREMOD J. JOHN |
| | SRI. BINOY JOSEPH.. |
| CONVENOR : | H.M |

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം. ആ ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് തന്നെ പ്രതീക്ഷിക്കുന്നു. അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. മാനേജ്മെന്റിന്റെയും പൊതു സമൂഹത്തിന്റെയും പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടുപോകാനുള്ള പരിശ്രമത്തിലാണ് ഈ വിദ്യാലയം. ഇതിനു സഹായകരമാകും വിധത്തിലാണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിരിക്കുന്നത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

പി.ടി.എ പ്രസിഡന്റ്
അനീഷ് തങ്കച്ചൻ

ഹെഡ്മിസ്ട്രസ്
സാറാമ്മ മാത്യു

# സി.എം.എസ്.എൽ.പി സ്കൂൾ മേൽപ്പാടം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ മാന്നാർ പഞ്ചായത്തിൽ ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണിത്.

പമ്പാനദിയുടെ തീരത്ത് നയനമനോഹരമായ ഒരു വിദ്യാലയം 1845-ൽ CMS മിഷനറിമാരാൽ സ്ഥാപിക്കപ്പെട്ടതാണ് ഈ വിദ്യാകേന്ദ്രം. ഇത് ഒരു എയ്ഡഡ് സ്ഥാപനമാണ്. സാധാരണക്കാരിൽ സാധാരണക്കാർക്കും, താഴെക്കിടയിലുള്ളവർക്കും അറിവ് പകർന്നു കൊടുത്ത ഒരു മഹത് സ്ഥാപനമാണിത്. ആദ്യകാലങ്ങളിൽ ഇത് പള്ളിയും പിന്നീട് പള്ളിക്കൂടമായും മാറി. അക്കാലങ്ങളിൽ അനവധി കുട്ടികൾ ഇവിടെ പഠനം നടത്തിയിരുന്നു. ഇവിടെ നിന്നും അറിവ് നേടിപ്പോയ അനേകർ ഇന്നും സമൂഹത്തിൽ നല്ല നിലയിലും ഉദ്യോഗത്തിലും പേരുകേട്ടവരും ആണെന്നുള്ളത് നഗ്ന സത്യം തന്നെയാണ്. പിന്നീട് കാലപ്പഴക്കം കൊണ്ട് കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമായി. പിന്നീട് കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വന്നു.

എന്നാൽ ഇപ്പോൾ സാമൂഹ്യ പിന്തുണയോടെ പഴയ പ്രതാപത്തിലേക്ക് തിരികെ എത്താൻ ശ്രമിച്ചുകൊണ്ടിരി ശുഭാപ്തി വിശ്വാസത്തോടെ.. മാറ്റങ്ങൾക്കായ് പ്രാർത്ഥിച്ചുകൊണ്ട്...

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ ഉള്ള എല്ലാ കുട്ടികൾക്കും അതാത് class-ൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുക.
5. ആധുനിക സാങ്കേതിക സാധ്യതകൾ കൂടുതൽ ഫലപ്രദമാക്കുക അധ്യാപകരെ ശാക്തീകരിക്കുക.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ അല്പം കൂടി മെച്ചമാക്കുക.
7. ഓരോ ടേമിലും കുട്ടികൾ നേടിയതും നേടേണ്ടതുമായ ശേഷികൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക PTA/ Corner PTA എന്നിവ ചേരുക.
8. പഠനമികവ് പരിശോധിക്കുന്നതിനായി work sheet കൾ SRG യുടെ നേതൃത്വത്തിൽ തയ്യാറാക്കി നൽകുക.

9. കുട്ടികളുടെ അപകർഷതാബോധം ഒഴിവാക്കുന്നതിനായി ആക്ടിവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

10. ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക

11. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് ശുചിത്വം, മലിന ജല നിർമാർജ്ജനം, പ്ലാസ്റ്റിക് നിർമാർജ്ജനം തുടങ്ങിയവ നടപ്പിലാക്കുക. waste management ന് പ്രാധാന്യം നൽകുക.

12. കൃഷി, പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവ മികച്ച രീതിയിൽ നിർമ്മിക്കുക വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുക.

13. മയക്കുമരുന്ന്/ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങൾ കുട്ടികൾക്ക് മനസിലാക്കി കൊടുക്കുന്ന തരത്തിലുള്ള ക്ലാസുകൾ, പോസ്റ്റർ നിർമ്മാണം, ചിത്രരചന ബോധവത്കരണം തുടങ്ങിയവ സംഘടിപ്പിക്കുക

14. റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ തുടങ്ങിയവ അറിഞ്ഞിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

15. വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കുന്നതിനുള്ള ബോധവത്കരണം നടത്തുക.

16, ആരോഗ്യം, വ്യായാമം, കായികക്ഷമത വർധിപ്പിക്കൽ മാനസികാരോഗ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി ദിവസവും അര മണിക്കൂർ Zumba class നടത്താൻ തീരുമാനിച്ചു.

17. ഡിജിറ്റൽ അച്ചടക്കത്തിന്റെ ഭാഗമായി കുട്ടികളിലെ മൊബൈൽ, ടിവി, മറ്റ് സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നതിലെ താൽപര്യം കുറയ്ക്കുവാനും അവയുടെ ദോഷവശങ്ങൾ നികത്താനുമായി പ്രത്യേക ക്ലാസുകൾ നൽകുന്നു.

18) പൊതുമുതലുകൾ (eg: school, library, കുളം, വയൽ പാട തുടങ്ങിയവ) സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കുട്ടികൾക്ക് മനസിലാക്കി കൊടുക്കുന്നതിനുള്ള ബോധവത്ക്കരണ ക്ലാസുകൾ

19, ഓരോ മനുഷ്യരും വ്യത്യസ്തരാണ് അവരെ അവരുടെ കുറവുകളോട് കൂടി തന്നെ കൂടെ ചേർത്ത് നിർത്തുന്നതിനും സഹജീവി സ്നേഹം വളർത്താനും ആവശ്യമായ മാനവികത മൂല്യങ്ങൾ വർധിപ്പിക്കുന്നതിനും ആവശ്യമായ ബോധവത്ക്കരണ ക്ലാസുകൾ നൽകുന്നു.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുന്ന മികവുറ്റ അധ്യാപകർ | * എല്ലാ കുട്ടികൾക്കും പൂർണമായി ഭാഷാശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| * ശിശുസൗഹൃദ കെട്ടിടം | * മികച്ച lab, library സംവിധാനങ്ങൾ, പരിമിതമാണ് |
| * പരിമിതിയിലാണെങ്കിലും Laptop, ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാണ്. | * വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും ഒഴുക്കോടെ വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. |
| * കലാപഠനം പ്രവൃത്തി പഠനം കായിക പഠനം എന്നിവയ്ക്ക് സമയം കണ്ടെത്തുന്നു | * മത്സരങ്ങളിലും പൊതു വിജ്ഞാന മേഖലകളിലും പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| * പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അനുയോജ്യമായ എന്ന പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ | * ഐ.ടി അധിഷ്ഠിത പഠനം എന്നനിലയ്ക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾ ഉയർന്നതായിട്ടില്ല. |
| * പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് | * കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. |

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| * സർഗ്ഗാത്മകത്ത വേദികൾ ആശയ പ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | * സാമ്പത്തിക പരിമിതികൾ മെച്ചപ്പെടേണ്ടതുണ്ട്. |
| * പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നു. പൊതുജന ശ്രദ്ധ പിടിച്ചു പറ്റുന്നു. | * ഭൗതിക രീതിയിൽ ഉള്ള കമ്പ്യൂട്ടർ ലാബ് ഇല്ല. കുട്ടികളുടെ എണ്ണത്തിനൊത്ത് കമ്പ്യൂട്ടറുകളോ laptop കളോ ഇല്ല. |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1, എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2, എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി നേടിയെന്ന് ഉറപ്പ് വരുത്തുക.

3, കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4, സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5, ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6, ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യത പ്രയോജനപ്പെടുത്തുക.

7, മികച്ച വായനാശീലം വളർത്തുക.

## ENGLISH

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയ അവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ ~~[illegible]~~ ചിത്രകാർഡുകൾ Reading കാർഡുകൾ തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ്സ് വായനാമൂല സ്കൂൾ വായനാമൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുന്നു.

# പരിസരപഠനം

1, ശാസ്ത്രത്തിൽ താൽപര്യം വളർത്തുക.

2, ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

3. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

4, ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക.

5, ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ ഉള്ള കഴിവ് വർദ്ധിപ്പിക്കുക.

6, ശാസ്ത്രലാബ് സജ്ജമാക്കുക.

7, ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പരമാവധി പ്രയോജനപ്പെടുത്തുക.

8, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

9, പ്രൈമറി കുട്ടികൾക്ക് ചെയ്യാൻ പറ്റുന്ന തരത്തിലുള്ള ലഘു പരീക്ഷണങ്ങൾ ചെയ്യാൻ പ്രോത്സാഹനം നൽകുക.

10, പ്രകൃതിക്ക് അനുയോജ്യമായ തരത്തിൽ ജീവിതരീതിയിൽ മാറ്റം വരാൻ സഹായിക്കുക.

# സാമൂഹ്യാവബോധം

1) ജനാധിപത്യ വേദികൾ ഒരുക്കുക.
2) സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3) ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4) ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

# ഗണിതം

1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2) ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3) ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
4) ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5) ഗണിത ചിന്ത, യുക്തി ചിന്ത വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

# ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1) വിവര സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2) അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

# പ്രവൃത്തി പരിചയം

1) നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2) പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, മറ്റ് വസ്തുക്കളോ നിർമ്മിക്കുന്നതിനുള്ള കഴിവ് വർധിപ്പിക്കുക.

3) പഠനവിഷയവുമായി പ്രവൃത്തിപരിചയാനുഭവങ്ങളെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1) കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.

2) കലാഭിരുചി വളർത്തുക.

3) ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.

4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

1) മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഉന്നത ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.

2) എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3) ആരോഗ്യശീലങ്ങൾ വളർത്തുക.

4) കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനും ആരോഗ്യത്തിനുമായി ദിവസവും സുംബാ ക്ലാസുകൾ സംഘടിപ്പിക്കുന്നു.